"ഭരണഭാഷ-മാതൃഭാഷ"

Kerala Prisons &
Correctional Services

ആസ്ഥാന കാര്യാലയം ജയിൽ
വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം - 12
ഫോൺ : 0471-2342532
ഇമെയിൽ : keralaprisons@gov.in
തീയതി : 27-06-2019

## സർക്കുലർ നം 26

ജയിൽ വകുപ്പ് അദ്ധ്യക്ഷൻ കണ്ണൂർ സെൻട്രൽ ജയിലിൽ മിന്നൽ പരിശോധന നടത്തിയവേളയിൽ തടവുകാരുടെ കൈവശം കഫ് സിറപ്പ്, പാരസെറ്റമോൾ തുടങ്ങിയ മരുന്നുകൾ അനുവദനീയമായതിലും അധികമായി കൈവശം സൂക്ഷിക്കുന്നതായി ശ്രദ്ധയിൽപ്പെടുകയുണ്ടായി. ഈ സാഹചര്യത്തിൽ താഴെ പറയും പ്രകാരമുള്ള നിർദ്ദേശങ്ങൾ ജയിൽ ഉദ്യോഗസ്ഥർ കർശനമായി പാലിക്കേണ്ടതാണ്.

(1) ഓരോ തടവുകാരനും ചികിത്സ നൽകുന്നത് സംബന്ധിച്ച പ്രത്യേക രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണ് (ജയിലിനു പുറമേയുള്ള ആശുപത്രികളിലെ ചികിത്സയ്ക്കും ജയിലിനുള്ളിൽ ചികിത്സ നടത്തുന്നതും സംബന്ധിച്ച് പ്രത്യേകം പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കണം. മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ, മെന്റൽ ഹോസ്പിറ്റൽ ഇവിടങ്ങളിൽ തടവുകാരെ അയച്ച് ചികിത്സ നൽകുമ്പോൾ ആയതിന്റെ വിശദമായ കേസ് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ് . ടി രജിസ്റ്ററുകൾ ആവശ്യമുള്ള പക്ഷം ജുഡിഷ്യറിയ്ക്ക് പരിശോധിക്കുവാൻ കഴിയത്തക്കവിധം ആയിരിക്കണം.)

(2) മരുന്നുകൾ ആവശ്യമുള്ള തടവുകാർക്ക് മെഡിക്കൽ ഓഫീസറുടെ നിർദ്ദേശപ്രകാരം ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥർ അതാത് സമയങ്ങളിൽ മാത്രം വിതരണം ചെയ്യേണ്ടതും ആയത് തടവുകാർ കഴിച്ചു എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

(3) തടവുകാരുടെ കൈവശം യാതൊരു കാരണവശാലും അനുവദനീയമായതിൽ കൂടുതൽ മരുന്നുകൾ കൈവശം വയ്ക്കുവാൻ അനുവദിക്കരുത് ആവശ്യമുള്ളതിലും അധികം ഡോസ് മരുന്ന് നൽകുവാനോ അടുത്ത ഡോസ് കൈവശം നൽകി അയയ്ക്കുവാനോ പാടുള്ളതല്ല.

(4) തടവുകാരുടെ കൈവശം മയക്കമുണ്ടാക്കുന്ന തരത്തിലുള്ള മരുന്നുകളോ, ഉറക്കഗുളികകളോ യാതൊരു കാരണവശാലും കൊടുത്തു വിടുവാൻ പാടില്ല.

(5) സോപ്പ്, ടൂത്ത് പേസ്റ്റ് തുടങ്ങിയ സാധനങ്ങൾ തടവുകാരുടെ പക്കൽ കൂടുതലായി കൈവശം വയ്ക്കുവാൻ അനുവദിക്കേണ്ടതില്ല.

മേൽ പറഞ്ഞ നിർദേശങ്ങൾ അതതു സൂപ്രണ്ടുമാർ കർശനമായി പാലിക്കേണ്ടതാണ്. ടി നിർദ്ദേശങ്ങൾക്കു വിരുദ്ധമായ കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ കർശനമായ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതാണെന്ന വിവരം അറിയിക്കുന്നു.

ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്

സ്വീകർത്താവ്: എല്ലാ ജയിൽ സ്ഥാപനമേധാവികൾക്കും